LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 1-7-2015-ന് കൂടിയ യോഗം വിലയിരുത്തുകയും ആരോഗ്യ വകുപ്പിൽ 14 ജില്ലകളിലായി 203 ഡോക്ടർമാർ, 88 സ്റ്റാഫ് നഴ്സുമാർ, 86 ഫാർമസിസ്റ്റുകൾ എന്നീ വിഭാഗങ്ങളിലായി 377 പേരെ മൂന്നുമാസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി, 14-7-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.ജി. പഠനം പൂർത്തിയാക്കി സർവ്വീസിലേയ്ക്ക് തിരികെവരുന്ന മെഡിക്കൽ ഓഫീസർമാർക്ക് നിയമനം നൽകി വരുന്നുമുണ്ട്.

പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

62 (T4865) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ എത്തുന്ന ഏതൊക്കെ പച്ചക്കറികളിലാണ് അമിതമായി കീടനാശിനി പ്രയോഗിക്കപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ളത് ;

(ബി) കീടനാശിനി പ്രയോഗം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം വകുപ്പുകളാണ് നടപടി സ്വീകരിക്കുന്നതെന്നും അമിത വിഷപ്രയോഗം നടത്തിയ പച്ചക്കറികൾ വില്പന നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ ;

(സി) അമിത കീടനാശിനിയോ വിഷലിപ്ത പദാർത്ഥങ്ങളോ പഴങ്ങളിൽ പ്രയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിന്റെ തുടർനടപടികൾ എന്തെന്നും വെളിപ്പെടുത്താമോ ;

(ഡി) ഇത്തരം പച്ചക്കറികൾ കടകളിലൂടെ വിതരണം ചെയ്യാതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഇ) പച്ചക്കറികളിൽ ജൈവകീടനാശിനി പ്രയോഗം പ്രചരിപ്പിക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കറിവേപ്പില, കോളിഫ്ലവർ, പച്ചമുളക്, കാബേജ്, ചീര എന്നീ ഇനങ്ങളിലുള്ള പച്ചക്കറികളിലാണ് അമിതമായി കീടനാശിനി പ്രയോഗിക്കപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ളത്.

(ബി) കീടനാശിനി പ്രയോഗം കണ്ടെത്തുന്നതായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകപ്പാണ് പരിശോധന നടത്തുന്നത്. എന്നാൽ പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി വെള്ളായണി കാർഷിക കോളേജിന്റെ പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ അമിതമായ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി ഉത്തരവാദിക്കൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരമുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

(സി) ജില്ലകളിൽ ഇതുസംബന്ധിച്ച് നടത്തിയ പരിശോധനകളിൽ എറ്ണാകുളം ജില്ലയിൽ FSSA Act അനുസരിച്ച് 259 ഫലവർഗ്ഗ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 69 ഇൻഫോർമൽ സാമ്പിളുകളും 17 ഫോർമൽ സാമ്പിളുകളും ലാബ് പരിശോധനയ്ക്കായി എടുത്തിട്ടുണ്ട്. 15ഫലവർഗ്ഗ കച്ചവട സ്ഥാപനങ്ങളിൽനിന്നും ഭക്ഷ്യയോഗ്യമല്ലാത്ത 1541 കിലോ മാമ്പഴം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കാൽസ്യം കാർബൈഡ് എന്ന വിഷാംശം ചേർത്തതിന് രണ്ട് മാമ്പഴം കച്ചവടക്കാരെ കസ്റ്റഡിയിലെടുത്ത് റിമാൻഡ് ചെയ്തിട്ടുള്ളതും ആയവർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ തുടരുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇതുസംബന്ധിച്ച് പിടിച്ചെടുത്ത മാമ്പഴം നശിപ്പിക്കുകയും തുടർവിൽപ്പന തടയുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകളിന്മേലുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പരിശോധനകൾ കർശനമാക്കുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. കൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്ന് പഴം, പച്ചക്കറി എന്നിവ കൊണ്ടുവരുന്നവർക്ക് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഈ വിഷയം സംബന്ധിച്ച് ബോധവൽക്കരണ പരിപാടി നടത്തിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly